പകർച്ചപ്പനി: സൗജന്യ ഹോമിയോ മരുന്ന്

തിരുവനന്തപുരം: പകർച്ചപ്പനിക്കെതിരെയുള്ള പ്രതിരോധ ഔഷധം എല്ലാ സർക്കാർ ഹോമിയോ ഡിസ്പെൻസറികളിലും ആശുപത്രികളിലും സൗജന്യമായി ലഭിക്കുമെന്ന് ജില്ലാ ഹോമിയോ മെഡിക്കൽ ഓഫീസർ അറിയിച്ചു. പ്രതിരോധ മെഡിക്കൽ ക്യാമ്പുകൾ വഴിയും പ്രതിരോധ ഹോമിയോ ഔഷധം വിതരണം ചെയ്യും. പ്രതിരോധ മെഡിക്കൽ ക്യാമ്പ്, ജനറൽ മെഡിക്കൽ ക്യാമ്പ് എന്നിവ നടത്താൻ താൽപ്പര്യമുള്ളവർ ജില്ലാ ഹോമിയോ മെഡിക്കൽ ഓഫീസുമായി ബന്ധപ്പെടണം.

സ്കൂൾ കുട്ടികൾക്ക് അശ്ലീല ചിത്രങ്ങൾ പകർത്തി നൽകുന്ന യുവാവ് പിടിയിൽ

തിരുവനന്തപുരം: സ്കൂൾ കുട്ടികൾക്ക് അശ്ലീല രംഗങ്ങൾ മൊബൈലിലും പെൻഡ്രൈവിലും പകർത്തി നൽകുന്ന യുവാവിനെ അറസ്റ്റു ചെയ്തു. വെങ്ങാനൂർ ഹയർ സെക്കൻഡറി സ്കൂളിന് സമീപം നീലേശ്വരി ബിൽഡിംഗിൽ കൃപ ഇലക്ട്രോണിക്സ് കടയുടെ ഉടമ അജു(30) വിനെയാണ് പിടികൂടിയത് നഗരത്തിലെ സ്കൂൾ-കോളേജുകൾ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളിൽ വ്യാപകമായി അശ്ലീല ചിത്രങ്ങൾ പകർത്തി നൽകുന്നതായി ആന്റിപൈറസി സെൽ എസ്.പിയുടെ ചുമതലയുള്ള എ.അക്ബറിന് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിലാണ് ഇയാൾ പിടിയിലായത്.

ആന്റിപൈറസി സെൽ ഇൻസ്പെക്ടർ എൻ.ജീജി, വിഴിഞ്ഞം സർക്കിൾ ഇൻസ്പെക്ടർ സ്റ്റുവർട്ട് കീലർ എന്നിവരുടെ നേതൃത്വത്തിൽ എസ് ഐമാരായ ടി.വി.ഷിബു, ജയാസനൽ, അനൂപ്, ബാബു,.എസ് ഐ വിഷ്ണുപ്രസാദ്, എസ് സി പി ഒമാരായ അസീം, ഹാത്തിം, ഷാൻ എന്നിവരാണ് പരിശോധന നടത്തിയത്. അശ്ലീല ചിത്രങ്ങൾ കോപ്പി ചെയ്ത് വിൽക്കാൻ ശ്രമിക്കുന്നതിനിടയിലായിരുന്നു അറസ്റ്റിലായത്. പുതിയ മലയാള സിനിമകളുടെ 525 ഓളം വ്യാജ സി.ഡികളും അശ്ലീല ചിത്രങ്ങൾ അടങ്ങിയ അഞ്ച് ഹാർഡ് ഡിസ്ക്കുകളും രണ്ട് സി.ഡി റൈറ്ററും 25ഓളം അശ്ലീല സി.ഡികളും, വ്യാജ സി.ഡി റാപ്പറുകളും പിടിച്ചെടുത്തു.

ആദരിച്ചു

പാറശ്ശാല: കുറുംകുട്ടി ഭാരതീയ വിദ്യാപീഠം സ്കൂളിലെ പ്രവേശനോത്സവത്തോടനുബന്ധിച്ച് അഖിലേന്ത്യ ഗാന്ധി സ്മാരകനിധി ചെയർമാൻ പി. ഗോപിനാഥൻ നായരെ ആദരിച്ചു.ചടങ്ങിൽ എസ് എസ് എൽ സി പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ നിതാമോഹൻ., അഭിലാഷ്. അഭിഷേക് ശങ്കർ എന്നിവരെ കാഷ് അവാർഡ് നൽകി അനുമോദിച്ചു. പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബാബുക്കുട്ടൻ നായർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജന്മഭൂമി ഡയറക്ടർ റ്റി. ജയചന്ദ്രൻ, ഭാരതീയ വിദ്യാനികേതൻ ജില്ലാ ഉപാദ്ധ്യക്ഷൻ അഡ്വ. എൻ.കെ.രത്നകുമാർ,വിദ്യാനികേതൻ ജില്ലാ സഹ അക്കാഡമിക് പ്രമുഖ് കെ. വിശ്വനാഥൻ നായർ, ഭാരതീയ വിദ്യാപീഠം ഉപാദ്ധ്യക്ഷൻ എസ്. രാമചന്ദ്രകുമാർ, പ്രിൻസിപ്പാൾ മാധുരി ജി.ആർ .നായർ, ജോയിന്റ് സെക്രട്ടറി ഡി. ശിവപ്രസാദ് എന്നിവർ സംസാരിച്ചു.

മാസ്റ്റർപ്ലാൻ അബദ്ധ പഞ്ചാംഗം; നഗരാസൂത്രണ വകുപ്പിന്റേത് ജനവഞ്ചന

- കൃഷിസ്ഥലമെന്ന് രേഖപ്പെടുത്തിയിരക്കുന്നിടത്ത് ഫ്ളാറ്റുകൾ
- റോഡുകളുടെ പ്ലാൻ ഗതാഗത സംവിധാനവുമായി ബന്ധമില്ലാത്തത്

തിരുവനന്തപുരം: പുതിയ മാസ്റ്റർ പ്ലാനുകൾ എന്നപേരിൽ അബന്ധപഞ്ചാംഗങ്ങൾ പ്രസിദ്ധീകരിച്ച നഗരാസൂത്രണ വകുപ്പ് ജനങ്ങളെ വഞ്ചിക്കുകയാണെന്ന് ഹിന്ദുഐക്യവേദി സംസ്ഥാന ജനറൽസെക്രട്ടറി ബ്രഹ്മചാരി ഭാർഗവറാം വാർത്താസമ്മേളനത്തിൽ ആരോപിച്ചു. വ്യക്തമായ സാമൂഹിക സാമ്പത്തിക പാരിസ്ഥിതിക പഠനം നടത്താതെ അതിന്റെ സഹായമില്ലാതെ ഗൂഗിൾ എർത്ത് തുടങ്ങിയ രണ്ടാംതരം വിഭവസമാഹരണം മാത്രം ഉപയോഗപ്പെടുത്തി വളരെ ലാഘവത്തിൽ മാസ്റ്റർ പ്ലാനുകൾ പ്രസിദ്ധീകരിക്കുകയാണ് ചെയ്തത്. സാമൂഹിക വസ്തുതകളുമായി പൊരുത്തമില്ലാത്ത വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന ഇവയിൽ ശാസ്ത്രീയതയും വൈദഗ്ധ്യവും തൊട്ടു തീണ്ടിയിട്ടില്ല. ലക്ഷക്കണക്കിന് രൂപയാണ് ഇതുമൂലം സർക്കാരിന് നഷ്ടം വരുത്തുന്നത്. കോവളം മുതൽ ഇടഗ്രാമം വരെയുള്ള തോട് പലയിടത്തും കൈയ്യേറി കെട്ടിട നിർമ്മാണത്തിന് എന്നാൽ മാസ്റ്റർ പ്ലാനിൽ അവിടം ഇപ്പോഴും ഗതാഗതയോഗ്യമായ തോടാണ്.

എക്സിസ്റ്റിംഗ് ഇൻഡസ്ട്രി എന്ന വിവരം കൊടുത്ത ഭാഗത്തിൽ ഇന്ന് നിലവിലുള്ള പല സംഭരംഭങ്ങളെയും വിട്ടുപോയിട്ടുണ്ട്. മാർക്കറ്റ് സംവിധാനങ്ങളെ പരാമർശിക്കുന്നഭാഗത്ത് മാർക്കറ്റ് നോഡുകൾ നിർണയിച്ചിരിക്കുന്നതും വാസ്തവവിരുദ്ധമാണ്. ഇപ്പോഴത്തെ പാരിസ്ഥിതിക അവസ്ഥയെ കുറിച്ചും പരിസ്ഥിതിയിൽ ഉണ്ടാകാൻ പോകുന്ന മാറ്റത്തെകുറിച്ചും ഒരു പഠനവും നടത്തിയിട്ടില്ല. അന്തരീക്ഷ താപനിലയെ സമതുലനം ചെയ്യുകയും കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുകയും ചെയ്തിരുന്ന വയലുകൾ പൂർണമായി നാമാവശേഷമാക്കികൊണ്ട് നടപ്പിലാക്കാൻ പോകുന്ന മാസ്റ്റർപ്ലാൻ വൻ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ ക്ഷണിച്ചുവരുത്തും.

ജൈവീകസമ്പത്തിന്റെ സുസ്ഥിതിയെകുറിച്ചും പ്ലാനിൽ പരാമർശിക്കുന്നില്ല. പാരിസ്ഥിതിക ദുർബല പ്രദേശങ്ങളെയും ഒഴിവാക്കിയിട്ടുണ്ട്. കണ്ടിട്ടേയില്ല. ഉദാഹരത്തിന് തിരുവനന്തപുരത്ത് കാണപ്പെടുന്ന 'വേളികൊക്ക്' ഇന്ന് വംശനാശഭീഷണിയിൽ ആണ്. ചേരി സമുദ്ധാരണം അടക്കമുള്ള കാര്യങ്ങളിൽ പക്ഷപാതപരമായിട്ടാണ് പരിഗണന നൽകിയിട്ടുള്ളത്. സാമ്പത്തിക ഭൗതിക സാഹചര്യങ്ങൾക്ക് പകരം സാമുദായിക പരിഗണനയ്ക്കാണ് മുൻതൂക്കം നൽകിയിട്ടുള്ളത്. തിരുവനന്തപുരത്തിന്റെ വികസനഗതിനിീക്കം വിഴിഞ്ഞം പോർട്ടിന്റെയും കഴക്കൂട്ടം ടെക്നോസിറ്റിയുടെയും പൂർണമായ പ്രവർത്തനക്ഷമതയിൽ മാത്രം വ്യക്തമാകുന്ന വസ്തുതയാണ്.

ഗതാഗതസർവേയുടെ ഫലങ്ങൾ എന്ന മട്ടിൽ പ്ലാനിൽ കൊടുത്തിരിക്കുന്ന ഡിസൈർ ലൈനുകളുടെ ചിത്രങ്ങൾ നിലവിലുള്ള ഗതാഗത സംവിധാനവുമായി പൊരുത്തപ്പെടുന്നില്ല. തിരുവനന്തപുരത്ത് ഇന്ന് നിലവിലുള്ള റോഡ് പാറ്റേൺ എന്നത് മാസ്റ്റർ പ്ലാൻ സൂചിപ്പിക്കുന്നത്പോലെ റിൻ റോഡ് പാറ്റേൺ അല്ല ഗ്രിഡ് റോഡ് പാറ്റേൺ ആണ്. മാസ്റ്റർ പ്ലാൻ അനുസരിച്ച് തന്നെ നടപ്പിലാക്കുവാൻ നിർദ്ദേശിക്കപ്പെട്ട് അംഗീകാരം കിട്ടിയ പല റോഡുകളെകുറിച്ചും ഇപ്പോൾ മൗനത്തിലാണ്. സ്റ്റാച്യു മുതൽ ജനറൽ ഹോസ്പിറ്റൽവരെയുള്ള റോഡ് 45 മീറ്ററിൽ സ്പെഷ്യാലിറ്റി ഡിസൈൻഡ് റോഡ് എന്ന നിലയിൽ പഴയ മാസ്റ്റർ പ്ലാനിൽ പരാമർശിക്കപ്പെട്ട റോഡ് ഇപ്പോൾ പരിഗണനയിൽ കാണുന്നില്ല. ഗതാഗതകുരുക്ക് നിയന്ത്രിക്കാൻ ഫ്ലൈ ഓവർ നിർദ്ദേശിച്ച പല സ്ഥലത്തും അണ്ടർ പാസ് ആണ് അനിവാര്യം. ന്യൂ ടൗൺ ആശയം തികച്ചും അശാസ്ത്രീയവും അവ്യക്തവുമാണ്. ചേങ്കോട്ടുകോണം കേന്ദ്രമാക്കി ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്ന ന്യൂ ടൗണിന്റെ സാമൂഹിക സാമ്പത്തിക അടിത്തറ എന്താണ് എന്ന് പരാമർശിച്ചിട്ടില്ല. അഞ്ചുപഞ്ചായത്തുകൾ കൂട്ടിച്ചേർത്ത് നഗരസഭാ വികസനം നടത്തിയത് അടുത്തിടെയാണ്. വീണ്ടും ഒരു ടൗൺഷിപ്പിന് രൂപം കൊടുക്കുന്നത് അസാധ്യമായി വരും.

പുതിയ മാസ്റ്റർ പ്ലാനിന്റെ ഏറ്റവും മോശപ്പെട്ട പോരായ്മ എന്നത് അത് മുൻകാല മാസ്റ്റർപ്ലാനുകളുടെ തുടർച്ചയല്ല എന്നതും മുൻകാല മാസ്റ്റർപ്ലാനുകളുടെ നടപ്പിൽ വരുത്തലിലെ വിലയിരുത്തിട്ടില്ല.

നഗരത്തിന്റെ വിഭവങ്ങളെകുറിച്ചും ആവശ്യകതയെയും പരിമിതിയെയും കുറിച്ച് മതിയായ പഠനങ്ങൾ നടത്തിയിട്ടില്ല. ജലലഭ്യതയ്ക്ക് വേണ്ടി തദ്ദേശമായ ജല ഉറവിടങ്ങളെ ഉപയോഗപ്പെടുത്താനുള്ള നിർദ്ദേശമില്ല. സ്വന്തമായി ഒരു മന്ത്രിയുണ്ടായിട്ടുപോലും കാലഹരണപ്പെട്ട നഗരാസൂത്രണ നിയമങ്ങളെ പരിഷ്ക്കരിക്കുവാൻ കഴിഞ്ഞിട്ടില്ല. തിരുവനന്തപുരത്ത് ന്യൂ ടൗൺപദ്ധതി എന്ത് അടിസ്ഥാനത്തിലാണ് നടപ്പാക്കുന്നത് എന്ന കാര്യത്തിൽ വ്യക്തതയുമില്ല. പത്രസമ്മേളനത്തിൽ ബ്രഹ്മചാരി ഭാർഗവറാം ഹിന്ദുഐക്യവേദി സംസ്ഥാന സമിതി അംഗമായ ചെമ്പഴന്തി മുരുകൻ, ജില്ലാ സെക്രട്ടറി സന്ദീപ് തമ്പാനൂർ എന്നിവരും പങ്കെടുത്തു.

പാറശ്ശാല ഭാരതീയ വിദ്യാപീഠം സ്കൂളിൽ നടന്ന പ്രവേശനോത്സവത്തിൽ ഗാന്ധിയൻ പി.ഗോപിനാഥൻനായരെ പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബാബുക്കുട്ടൻനായർ ആദരിക്കുന്നു

ഗൗരി ഛദ്ദയുടെ 'ഗവാഹ്' അന്താരാഷ്ട്ര ഡോക്യുമെന്ററി ഫെസ്റ്റിവലിലേക്ക്

തിരുവനന്തപുരം: തിരുവനന്തപുരത്ത് നടക്കുന്ന ആറാമത് കേരള അന്താരാഷ്ട്ര ഡോക്യുമെന്ററി ആന്റ് ഷോർട്ട് ഫിലിം ഫെസ്റ്റിവലിലെ മത്സര വിഭാഗത്തിലേക്ക് ഗൗരി ഛദ്ദയുടെ ഡോക്യുമെന്ററി 'ഗവാഹ്' തെരഞ്ഞെടുക്കപ്പെട്ടു. 1947 ഇന്ത്യാ-പാക്ക് വിഭജനം മുതൽ 2008 ലെ മുംബൈ തീവ്രവാദ ആക്രമണത്തിനും 2011 ലെ സ്ഫോടന പരമ്പരയിലും ഇരയായവരുടെ യാതനകളാണ് ഗവാഹ് പറയുന്നത്. തിരുവനന്തപുരത്ത് ഈ മാസം 7 മുതൽ നടക്കാനിരിക്കുന്ന ഫെസ്റ്റിവലിൽ 11 ന് ഉച്ചയ്ക്ക് 12 മണിക്കാണ് ഗവാഹ് പ്രദർശിപ്പിക്കുക. സോണി ഇ എക്സ് 3, കാനൻ 5 ഡി മാർക്ക് 2 എന്നീ ക്യാമറകൾ ഉപയോഗിച്ച് 10 ദിവസംകൊണ്ട് യഥാർത്ഥ സ്ഥലങ്ങളിലാണ് ഗവാഹ് ചിത്രീകരിച്ചിരിക്കുന്നത്. നിരവധി അന്താരാഷ്ട്ര-ദേശീയ ചലച്ചിത്രമേളകളിൽ ഗവാഹ് പ്രദർശിപ്പിച്ചിട്ടുണ്ട്. ഈ വർഷത്തെ ബെവർലി ഹിൽസ് ഫിലിം ഫെസ്റ്റിവലിൽ മികച്ച പ്രോഡ്യൂസർ അവാർഡ് ലഭിച്ചിച്ചിട്ടുണ്ട്

ന്യൂദൽഹിയിൽ ജനിച്ച് ദുബായിൽ സ്ഥിരതാമസമാക്കിയ സ്വതന്ത്ര സംവിധായികയായ ഗൗരി ഛദ്ദ മിഷൻ ഇംപോസിബിൾ-ഗോസ്റ്റ് പ്രോട്ടോക്കാൾ, ഡേവിഡ്, ലവ് ബ്രേക്കപ്പ് സിന്ദഗി, ഗാന്ധി ഓഫ് ദി മൻത്, ഇഷ്ക്ക് ആക്ചാലി എന്നീ സിനിമകളുടെ അസിസ്റ്റന്റ് ഡയറക്ടറാണ്.

അംബേദ്കർ ഭവൻ പിന്നോക്കവിഭാഗങ്ങളുടെ വളർച്ചയ്ക്ക് സഹായിക്കും: മുഖ്യമന്ത്രി

തിരുവനന്തപുരം:പട്ടികജാതി വികസന വകുപ്പിന്റെ നേതൃത്വത്തിൽ മണ്ണന്തലയിൽ നിർമ്മിച്ച അന്താരാഷ്ട്ര നില

യുവജങ്ങളുടെ തൊഴിൽസംരംഭം: ധാരണാപത്രം ഒപ്പിട്ടു

തിരുവനന്തപുരം: സംസ്ഥാനയുവജനനയം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി യുവജനങ്ങളുടെ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം ഒപ്പിട്ടു. യുവജനകാര്യവകുപ്പ് മന്ത്രി പി.കെ. ജയലക്ഷ്മിയുടെ സാന്നിദ്ധ്യത്തിൽ ദേശീയ സ്ഥാപമായ എൻട്രപ്രെണർ ഡെവലപ്മെന്റ്

കേരള സർവ്വകലാശാല വാർത്തകൾ

സെനറ്റ് യോഗം മാറ്റിവച്ചു

വൈസ് ചാൻസലറെ തിരഞ്ഞെടുക്കാനുള്ള കമ്മിറ്റിയിലേക്ക് സെനറ്റിൽ നിന്നും പ്രതിനിധിയെ തിരഞ്ഞെടുക്കാനായി ഇന്ന് നടത്താൻ നിശ്ചയിച്ചിരുന്ന പ്രത്യേക സെനറ്റ്